യഥാക്രം 5067 കോടി രൂപ, 2409 കോടി രൂപ, 3328 കോടി രൂപ (മൊത്തം 10804 കോടി രൂപ) എന്നിങ്ങനെ ചെലവഴിക്കേണ്ടിവന്നു. 2003-04-ലെ മൊത്തം റവന്യൂ വരുമാനത്തിന്റെ 91 ശതമാനവും മൊത്തം റവന്യൂ ചെലവിന്റെ 70 ശതമാനവുമാണിത്. കഴിഞ്ഞ പത്തുവർഷത്തെ കണക്കനുസരിച്ച് ശമ്പളം പ്രതിവർഷം ശരാശരി 11 ശതമാനം കണ്ടും, പെൻഷൻ പ്രതിവർഷം 18 ശതമാനം കണ്ടും, പലിശ പ്രതിവർഷം 17 ശതമാനം കണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ നിര തുടർന്നാൽ അടുത്ത പത്തുവർഷത്തിനകം പെൻഷൻ തുക ശമ്പളത്തേക്കാൾ കൂടുതലാകും. കേന്ദ്ര ഗവൺമെന്റും മറ്റ് പല സംസ്ഥാനങ്ങളും കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി തുടങ്ങിക്കഴിഞ്ഞു. കേരളത്തിലും 1-4-2005-നുശേഷം ജോലിയിൽ പ്രവേശിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്.

16. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 ശതമാനത്തിനു മുകളിൽ പലിശ നൽകിക്കൊണ്ടിരുന്ന 2717 കോടി രൂപയുടെ കേന്ദ്രസർക്കാരിനോടുള്ള കടം, കുറഞ്ഞ പലിശ നിരക്കിലുള്ള കടമായി മാറ്റിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാന സർക്കാരിന്റെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

17. 2003-ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത ആക്ടിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള സാമ്പത്തിക ഭദ്രത സുസ്ഥിരമാക്കുന്നതിന് അനുയോജ്യമായ സാമ്പത്തിക ശാക്തീകരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ നിയമം വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് 2007 മാർച്ചോടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കേണ്ടതും ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. ഇപ്പോഴത്തെ വളർച്ചാനിരക്കിൽ ഈ ലക്ഷ്യം കൈവരിക്കുമെന്ന് വിശ്വസിക്കുന്നത് അതിമോഹമാണ്. കേന്ദ്രനിയമത്തിന്റെ ചുവട് പിടിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സമയപരിധി 2009 മാർച്ചിലേക്ക് നീട്ടണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുന്നു. എല്ലാ മേഖലകളിലും സ്ഥായിയായ പരിഷ്കരണം നടത്തിയെങ്കിൽ മാത്രമെ 2009-ൽ എങ്കിലും ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

18. പരിഷ്കരണപാതയുടെ ദിശയെ സംബന്ധിച്ച് സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളിൽ അഭിപ്രായ സമന്വയം ഉണ്ടായാൽ മാത്രമെ വികസനോൻമുഖമായ സാമ്പത്തിക നീക്കുപോക്കുകളുടെ അജണ്ട പ്രായോഗികമാവുകയുള്ളു. നിർഭാഗ്യവശാൽ, പരിഷ്കരണത്തിന് കനത്തവില നൽകേണ്ടിവരുമെന്ന ഒരു തെറ്റിദ്ധാരണയാണ് ചില പാർട്ടികൾക്കുള്ളത്. ചട്ടക്കൂടിനതീതമായി ചിന്തിക്കുവാനും ചൈനയിലും പശ്ചിമ ബംഗാളിലും പോലും സംഭവിച്ചുകൊണ്ടിരിക്കുന്ന ചില സുപ്രധാന നയവ്യതിയാനങ്ങൾ കണ്ണുതുറന്നുകാണുവാനും നമുക്ക് സാധിക്കേണ്ടതാണ്.

കൃഷിയും അനുബന്ധമേഖലകളും

കൃഷി

19. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിച്ച് ഗ്രാമീണമേഖലയിൽ തൊഴിൽലഭ്യത വർദ്ധിപ്പിക്കുക, വിളകളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തുക, അവ സംസ്ക്കരിച്ച് വൈവിധ്യവൽക്കരണം നടത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കമ്പോളത്തിൽ മത്സരത്തിന് തയ്യാറാക്കുക, അതുവഴി കർഷകന് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 2005-06 വർഷത്തെ കാർഷിക വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ചെറുകിട, പരിമിത കർഷകർക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

20. കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതോടൊപ്പം ഒരുലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിലൂടെ തരിശിട്ടിരിക്കുന്ന 10,000 ഹെക്ടർ നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാനുള്ള ഒരു ബൃഹത് പദ്ധതി 2005-06 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. നെൽകൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടുക എന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു ലക്ഷ്യം.

21. വാണിജ്യവിളകൾക്ക് മുൻതൂക്കമുള്ള നമ്മുടെ സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾ പ്രധാനമായും അന്തർദേശീയ വിപണികളെ ആശ്രയിക്കുന്നതിനാൽ അവിടത്തെ കമ്പോള വ്യതിയാനങ്ങൾ നമ്മുടെ കർഷകർക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്രാദേശിക വിപണികളെ ശക്തിപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ വിപണനത്തിന് ഉപയോഗപ്പെടുത്തിയും കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഈ ബജറ്റിൽ 330 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

22. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയും രോഗപ്രതിരോധശേഷിയുള്ള തൈകൾ നട്ടുപിടിപ്പിച്ചും ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചും ഉൽപാദനം വർദ്ധിപ്പിക്കുക എന്നതാണ്. നാളികേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി 64.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

23. നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന മുഖ്യസുഗന്ധവിളകളിൽ ഒന്നായ കുരുമുളക് കൃഷിയുടെ വികസനത്തിനായി ഞാൻ 20 കോടി രൂപ നീക്കിവയ്ക്കുന്നു. മുൻവർഷങ്ങളിലുണ്ടായ വരൾച്ചമൂലം നശിച്ചുപോയ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് ഒരു വിപുലമായ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

24. നഗരങ്ങളിലെ കുടുംബങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് നഗരത്തിൽ ഒരു നാട്ടിൻപുറം എന്ന ഒരു നവീന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, പോളി ഹൗസ് യൂണിറ്റുകൾ സ്ഥാപിക്കൽ, പരസ്യവും ബോധവൽക്കരണവും എന്നിവയാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ഈ വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly